Your favouritenewspaperat your fingertips
morning news daily
SUBSCRIBE,
9656571354



ഡോ. സൂസൻ കോരുത്
PhD,MSc,MSW,MBA
http://www.drsusankoruthu.com

# കുട്ടികളോട് പറയരുതാത്ത കാര്യങ്ങൾ

39

www.morningnewsdaily.org

ഓരോ കുട്ടിയും ഓരോ വേറിട്ട സൃഷ്ടികളാണ്. ഒരാൾ പോലും വേറൊരാളോട് സാമ്യമുള്ളവരല്ല. അതുകൊണ്ടു തന്നെ അവരുടെ കഴിവുകളും, യോഗ്യതകളും വ്യത്യസ്തങ്ങളായിരിക്കും. ഇവയെല്ലാം നാം പലപ്പോഴും കേട്ടുമടുത്ത ഉപദേശങ്ങളാണ്. എന്നാൽ ഇവയുടെ അന്തസത്ത മനസ്സിലാക്കി മാതാപിതാക്കൾ ഓരോ കുട്ടികളെയും പരിപാലിക്കുമ്പോഴാണ് നല്ല വ്യക്തികൾ രൂപം കൊള്ളുന്നത്.

കുട്ടികളെ വളർത്തുന്ന മാതാപിതാക്കൾ അവരോടു ഒരിക്കലും പറയാൻ പാടില്ലാത്ത കുറച്ചു കാര്യങ്ങളാണ് ഇവിടെ വിശദീകരിക്കുന്നത്.

1) നീയെന്താണ് കാണാൻ ഇങ്ങിനെയിരിക്കുന്നത്? നീ ആ അപ്പന്റെ മകനാണ് അല്ലെങ്കിൽ അമ്മയുടെ മകളാണെന്ന് പറയില്ലല്ലോ. നീയെന്താ ഇങ്ങിനെ ഇരുണ്ടിരിക്കുന്നതു നിൻറ്റെ അമ്മയുടെ അല്ലെങ്കിൽ അപ്പൻറ്റെ നിറവും, ചുറുചുറുക്കും ഒന്നും കിട്ടിയിട്ടില്ലല്ലോ. കല്യാണം കഴിപ്പിക്കാൻ കുറച്ചു ബുദ്ധിമുട്ടും. നിൻറ്റെ അനിയന് നല്ല നിറമുണ്ട്, നീയെന്താ ഇത്ര തടിച്ചിരിക്കുന്നത് അല്ലെങ്കിൽ മെലിഞ്ഞിരിക്കുന്നത്. വല്ലതും ഉള്ള വീട്ടിലെ ആണെന്ന് പറയുകയില്ലല്ലോ. ആ ചപ്പിയ മൂക്കും, ഉള്ളില്ലാത്ത മുടിയും കണ്ടാലും മതി. പലപ്പോഴും മാതാപിതാക്കളോ മറ്റുള്ളവരോ കുട്ടികളോട് ഇങ്ങിനെ പറയുമ്പോൾ അവർക്കു തങ്ങളുടെ ശരീരത്തെയും, സൗന്ദര്യത്തെയും പറ്റി അപകർഷതാ ബോധം ഉണ്ടാവുകയും അവർ ഈറ്റിംഗ് ഡിസോർഡർ, വിഷാദം, മാനസിക സംഘർഷം, ആത്മവിശ്വാസമില്ലായ്മ മുതലായവ മൂലം ബുദ്ധിമുട്ടനുഭവിക്കാൻ സാധ്യതയുണ്ട്. ഇങ്ങിനെ കേട്ടുവളർന്ന കുട്ടികളിൽ ആത്മവിശ്വാസം തെല്ലും കാണുകയില്ലെന്നു മാത്രമല്ല ആത്മാഭിമാനവും നല്ല രീതിയിൽ വളരുകയില്ല.

2) നീയെന്നുണ്ടായോ അന്ന് തുടങ്ങി എൻറ്റെ കഷ്ടകാലം. ഇപ്പൊ കുട്ടികൾ വേണ്ട വേണ്ട എന്ന് പറഞ്ഞതാ പക്ഷെ എന്തു ചെയ്യാനാ. എന്നും ഓരോ കുരുത്തക്കേടുകൾ ഒപ്പിച്ചോളും പിന്നീട് അതിൻറ്റെ പിറകേ നടക്കാൻ ഞാനും. എന്നെങ്കിലും നീ ഞങ്ങൾക്ക് സമാധാനം തരുമോ. ഓരോ കുട്ടികൾ നല്ല അനുസരണയോടെ പെരുമാറുമ്പോൾ കൊതി തോന്നുകയാ, ഇവിടുണ്ടോരെണ്ണം തരുതല മാത്രം പറയാനറിയാനെ അറിയൂ. ഇപ്രകാരമുള്ള ശാപ സമാനമായ വാക്കുകൾ കുട്ടികളുടെ ഹൃദയത്തിൽ ആഴമേറിയ മുറിവുകളുണ്ടാക്കും. അവർക്ക് തന്നോട് തന്നെ വെറുപ്പുണ്ടാവുകയും, തങ്ങളെ തന്നെ ഒരു തിരസ്കൃത വസ്തുവായി കാണുകയും ചെയ്യും. അവർ ജീവിതത്തോട് അരക്ഷിതാവസ്ഥ അനുഭവപ്പെടുന്നവരുമായിത്തീരാൻ സാധ്യതയുണ്ട്. അവർ വളർന്നു വരുമ്പോൾ മാതാപിതാക്കളെ വെറുക്കുന്നവരായി മാറുകയും, വൈരാഗ്യബുദ്ധിയോടെ പെരുമാറുകയും ചെയ്യാൻ സാധ്യതകളേറെയാണ്.

3) നിന്നെയൊക്കെ എന്തിനു കൊള്ളാം ഒരോ കുട്ടികൾ ഓരോ കാര്യങ്ങൾ ചെയ്യുന്നത് കാണുമ്പോൾ കൊതി തോന്നുകയാ. നീയൊക്കെ ഞാനുണ്ടാക്കുന്നതു നശിപ്പിക്കാനേ കൊള്ളൂ. അവനെ നോക്കി അല്ലെങ്കിൽ അവളെ നോക്കി പഠിക്ക്. മനുഷ്യനായാൽ എന്തെങ്കിലുമൊക്കെ പ്രയോജനം ആർക്കെങ്കിലുമൊക്കെ വേണം. അല്ലാതെ ഭൂമിക്കു ഭാരമായല്ല ജീവിക്കേണ്ടത്. ഇപ്രകാരമുള്ള ഹൃദയശൂന്യമായ വാക്കുകൾ കുട്ടികളുടെ പ്രവർത്തിക ബുദ്ധിയെ സാരമായി ബാധിക്കും. ഇപ്രകാരമുള്ളവർ പലപ്പോഴും മദ്യത്തിനും മയക്കുമരുന്നിനും മറ്റും അടിമകളാകാൻ സാധ്യതയുണ്ട്. ഇങ്ങിനെ കേട്ടുവളർന്ന കുട്ടികളിൽ അന്യതാബോധവും പകയുമൊക്കെ ഉണ്ടാകാൻ സാധ്യതകളേറെയാണ്. അങ്ങേയറ്റം അപകർഷതാ ബോധവും അരക്ഷിതാവസ്ഥയും ഇവർ അനുഭവിക്കും.

4) ഞാൻ പറയുന്നതു കേട്ട് അടങ്ങിയൊതുങ്ങി കഴിയുമെങ്കിൽ കഴിഞ്ഞാൽ മതി. അല്ലെങ്കിൽ അഞ്ചു പൈസയുടെ സഹായം എന്നിൽനിന്ന് കിട്ടുമെന്ന് കരുതണ്ട. നിന്നെയൊക്കെ വളർത്തുന്ന സമയത്തു ഒരു നായയെ വളർത്തിയാൽ അത് വാലാട്ടിയെങ്കിലും നന്ദി കാണിയ്ക്കും. ഇപ്രകാരം കേട്ടുവളരുന്ന കുട്ടികളിൽ വിധേയതത്വ സ്വഭാവം അമിതമായി വരുകയും, അവർ മറ്റുള്ളവരാൽ അടിച്ചമർത്തപ്പെടുകയും ചെയ്യപ്പെടാനുള്ള സാധ്യതയേറെയാണ്. ഇവർ എപ്പോഴും മാനസിക സംഘർഷം അനുഭവിക്കുന്നവരും, അശരണാവസ്ഥ അനുഭവിക്കുന്നവരുമായിരിക്കും. ഇങ്ങനെയുള്ളവർ തങ്ങളുടെ വിധിയെ പഴിച്ചു ജീവിക്കാൻ ശീലിക്കും.

5) നിന്നെയൊന്നും കണ്ടിട്ടല്ല ഞങ്ങൾ ജീവിക്കുന്നത്. പഠിച്ച് എന്തെങ്കിലുമൊക്കെ അയാൽ നിനക്കു കൊള്ളാം. ഞങ്ങൾക്കായിട്ടു ഒന്നും ചെയ്യേണ്ട, ഞങ്ങൾക്ക് നിൻറ്റെ ഒന്നും ആവശ്യവുമില്ല. പലപ്പോഴും മാതാപിതാക്കൾ മക്കളോട് സ്വന്തം കാലിൽ നിൽക്കാനായി പറയുന്ന ഇത്തരം വാക്കുകൾ അവരെ വളരെ ചിന്താകുഴപ്പത്തിലാക്കുന്നവയാണ്. പരസ്പര സഹകരണത്തിലും, സഹായിച്ചും കഴിയേണ്ട കുടുംബാംഗങ്ങൾ മാതാപിതാക്കളെ പോലും അവഗണിക്കാൻ പ്രേരിപ്പിക്കുന്ന ഇത്തരം വാക്കുകൾ കുട്ടികളെ ധാർമ്മികബോധമില്ലാത്തവരായി മാറ്റും. ജീവിതത്തിൽ അവർ സ്വാർത്ഥപരമായി ജീവിക്കാൻ പ്രേരണ നൽകും. സ്വന്തം കടമകളെപ്പറ്റി ബോധവാന്മാരാകാതെ മാതാപിതാക്കളെ തങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റാനുള്ളവരായി കണ്ടുകൊണ്ട് തൻകാര്യക്കാരായി ജീവിക്കാനുള്ള സാധ്യതകളേറെയാണ്.

> “അവർ വളർന്നു വരുമ്പോൾ മാതാപിതാക്കളെ വെറുക്കുന്നവരായി മാറുകയും, വൈരാഗ്യ ബുദ്ധിയോടെ പെരുമാറുകയും ചെയ്യാൻ സാധ്യതകളേറെയാണ്”

6) കുട്ടികളെ ചീത്തവിളിക്കുക, അതുപോലെ മാതാപിതാക്കൾ തമ്മിൽ ചീത്ത വിളിക്കുക. പരസ്പരം ചെളിവാരിയെറിയുക. കുട്ടികളെ തങ്ങളുടെ വഴക്കുകൾക്കിടയിലേക്ക് വലിച്ചിടുക എന്നിട്ട് അവരെ ഉപയോഗിച്ച് മാതാപിതാക്കൾ അന്യോന്യം കൊമ്പുകോർക്കുകയും, വെല്ലുവിളിക്കുകയും ചെയ്യുക ഇവയെല്ലാം കുട്ടികളുടെ വളർച്ചയെ സാരമായി ബാധിക്കുന്നവയാണ്. കുട്ടികളിൽ ഭയം, അരക്ഷിതാവസ്ഥ, വിഷാദരോഗം ഉണ്ടാവുകയും, ചിലരെങ്കിലും സമൂഹത്തിനും കുടുംബത്തിനും ഉപദ്രവകാരികളായിത്തീരുകയും ചെയ്യും.

7) കുട്ടികളോട് നിന്റെ അച്ഛൻ അല്ലെങ്കിൽ അമ്മ ശരിയല്ല. അവരുടെ സ്വഭാവം ശരിയല്ല. അച്ഛൻ അമ്മയുടെയും വീട്ടുകാരുടെയും സ്വഭാവം ശരിയല്ല എന്നും, അമ്മ തിരിച്ച് അച്ഛന്റെയും വീട്ടുകാരുടെയും സ്വഭാവം ശരിയല്ല എന്നും കുട്ടികളോട് പറയുവാൻ പാടുള്ളതല്ല. കുട്ടികളെ അത് വല്ലാതെ സമ്മർദ്ദത്തിലാഴ്ത്തുകയും അവരിൽ സ്വഭാവ വൈകല്യങ്ങൾ രൂപപ്പെടുകയും ചെയ്യും. കുട്ടികൾ മാതാപിതാക്കളിൽ ഒരാളെ വെറുക്കുകയോ അല്ലെങ്കിൽ ആരെയും തള്ളിക്കളയാനാകാതെ മാനസിക സങ്കർഷത്തിലാകുകയും ചെയ്യും.

8) നിനക്കൊക്കെ എന്തിന്റെ കുറവാണ്. എല്ലാം കൂടിപ്പോയതിന്റെ അഹങ്കാരമാണ് നിനക്ക്. ഓരോ കുട്ടികളും കഴിക്കാൻ പോലും കിട്ടാതെ വിഷമിക്കുന്നു. നിനക്കൊക്കെ കഴിക്കുന്നത് എല്ലിന്റെയിടയിൽ കയറിയിട്ടാണ്. ഞങ്ങടെ ബുദ്ധിമുട്ടൊന്നും നിനക്കറിയണ്ടല്ലോ. ഇപ്രകാരമുള്ള വിമർശന പരമായ വാക്കുകൾ കുട്ടികളിൽ മാതാപിതാക്കളോട് അവജ്ഞ തോന്നുവാൻ കാരണമാകും. ഒന്നുകിൽ കുട്ടികൾക്ക് സാധനങ്ങൾ കൊടുക്കാതിരിക്കുക. കൊടുത്താൽ അതിനെപ്പറ്റി പറയാതിരിക്കുക. കൊടുത്തിട്ടു കുറ്റബോധം ഉണ്ടാകുന്ന രീതിയിൽ പറയുമ്പോൾ കുട്ടികളിൽ പ്രകോപനപരമായ വികാരങ്ങൾ ഉണ്ടാകുകയും അവർ ജീവിതത്തോട് മുറുമുറുപ്പുള്ളവരായി തീരുകയും ചെയ്യും. മാതാപിതാക്കൾ മക്കൾക്ക് ചെയ്യുന്ന കാര്യങ്ങൾ അവർക്കാവശ്യമായിട്ടുള്ളവ മാത്രമായിരിക്കണം. ചെയ്തു കൊടുത്തതിനു ശേഷം അത് പറഞ്ഞുകൊണ്ട് അവരെ അപകർഷതയിലേക്കും, അവജ്ഞയിലേക്കും നയിക്കരുത്.



ഇങ്ങിനെ കുട്ടികളോട് പറയാൻ പാടില്ലാത്തതും പെരുമാറാൻ പാടില്ലാത്തതുമായ നിരവധി കാര്യങ്ങളുണ്ട്. മാതാപിതാക്കൾ അത് മനസ്സിലാക്കുകയും, ജീവിതത്തിൽ പ്രാവർത്തികമാക്കുകയും ചെയ്യുമ്പോഴാണ് കുട്ടികളിൽ ആത്മ വിശ്വാസവും, പരസ്പര വിശ്വാസവും, ബഹുമാനവും, സഹകരണവും, ചുമതലാബോധവും രൂപം കൊള്ളുന്നത്.

www.morningnewsdaily.org

9656571354
Publish your Ad in
morning news daily
Malayalam News Paper